Draft #3 of File ACB1/1/2038/2022 (PART-II) Approved by ASSISTANT REGISTRAR II (ACADEMIC) on 13-May-2023 11:33 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഡ്രോയിംഗ്& ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിതരാകുന്ന അദ്ധ്യാപകരുടെ നിയമന കാലയളവ് സംബന്ധിച്ച വ്യവസ്ഥകൾ- പരിഷ്കരിച്ച് - ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 5343/AC B 1/2023/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 15.05.2023

---

*പരാമർശം:*-1. കേരള ധനകാര്യ വകുപ്പിന്റെ 23.04.2022 തീയതിയിലെ 34/2022/Fin. നമ്പർ പരിപത്രം

2. 04.07.2022 ലെ 7066/ACB1/2022/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്.

3. 31.03.2023 ലെ 3774 /ACB1/2023/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവ്.

4. കേരള ധനകാര്യ വകുപ്പിന്റെ 06-05-2023 ലെ നമ്പർ 240916/SL-3/97/2023/FIN കത്ത്

**ഉത്തരവ്**

കേരളത്തിലെ സ്വകാര്യ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഒരു അംഗീകൃത പ്രിൻസിപ്പലിന്റെ അഭാവത്തിൽ, ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ അധികാരം നൽകുന്നതിന് കാലയളവ് നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരള ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്:-

*"The Charge arrangement of DDOs can be permitted in all such cases for a total period of 9 months (that is, initially 3 months and extendable with two further stretches of 3 months each) only. For each 3 months, the countersigning authority has to issue formal proceedings and the same is to be shared to SPARK PMU for DDO setting. After 9 months, the bill countersigning authority has to act as DDO as envisaged in the circular cited above and e-submission of bills will be possible only for that authority."*

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ, ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല വഹിക്കുന്നതിനായി നിയമിതരാകുന്ന അദ്ധ്യാപകരുടെ നിയമനകാലയളവ് മേൽ പരാമർശം (1) സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിശ്ചയിച്ചുകൊണ്ട്, പ്രസ്തുത സർക്കുലർ തീയതി മുതൽ സർവ്വകലാശാലയിൽ നടപ്പിലാക്കി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File ACB1/1/2038/2022 (PART-II) Approved by ASSISTANT REGISTRAR II (ACADEMIC) on 13-May-2023 11:33 AM - Page 2

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം ഭരണപരമായ കാര്യങ്ങളാൽ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, പ്രിൻസിപ്പൽ നിയമന പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ള കോളേജുകളിൽ നിലവിലുള്ള ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതലയുള്ള അദ്ധ്യാപകന്റെ മൂന്ന് മാസം വീതം ഒൻപതു മാസത്തെ നിയമന കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് , ടി ചുമതല വഹിക്കുന്നതിനായി നിയമിതനാകുന്ന കോളേജിലെ മറ്റൊരു അദ്ധ്യാപകന് ഒരു തവണ കൂടി ചുമതല നീട്ടി നൽകുന്നതിന് പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ,എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട കേരള ധനകാര്യ വകുപ്പിന്റെ പരാമർശം (4) കത്തിൽ പരാമർശം (1) സർക്കുലറിലെ മൂന്നാമത് ഖണ്ഡിക ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു :-

*"The DDO Charge arrangement to Principal in Charge of aided Colleges is extended, temporarily, further for a period of 6 more months"*

പ്രസ്തുത സാഹചര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിൽ, പ്രിൻസിപ്പൽ ഇൻ ചാർജ്ജ് തന്നെയാണ് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ എങ്കിൽ പരാമർശം (4) കത്തിലെ നിബന്ധന അനുസരിച്ച് പ്രസ്തുത തീയതി മുതൽ (06.05.2023 മുതൽ) 6 മാസത്തേക്ക് കൂടി ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ നിയമനാംഗീകാരം ദീർഘിപ്പിച്ചു നൽകുന്നതിനും, പ്രിൻസിപ്പൽ ഇൻ ചാർജ് അല്ലാതെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല വഹിക്കുന്ന കോളേജുകളിൽ പരാമർശം (3) ലെ സർവ്വകലാശാല ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ തുടരുന്നതിനും, ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ഡയറക്ടർ ,കോളേജ് വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ ,കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം/ എറണാകുളം
5. വൈസ്-ചാൻസലറുടെ/ പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
6. രജിസ്ട്രാറുടെ/ പരീക്ഷ കൺട്രോളറുടെ പി.എ.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7. ഐ.ക്യൂ.എ.സി./ പി.ആർ.ഒ. സെക്ഷൻ

8. റെക്കോർഡ്സ് സെക്ഷൻ

9. എ സി സി സെക്ഷൻ 1/2/എ സി ബി 2 സെക്ഷൻ

10. കരുതൽ ഫയൽ/ ഫയൽ കോപ്പി

DDFS File No. ACB1/1/2038/2022(PART II)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File ACB1/1/2038/2022 (PART-II) Approved by ASSISTANT REGISTRAR II (ACADEMIC) on 13-May-2023 11:33 AM - Page 3